**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **17-09-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ സഹകരണ നയത്തിലെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങളിലെ സഹകരണ മേഖലയെ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സഹകരണ നയം കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ "സ്റ്റേറ്റ് ലിസ്റ്റിന്റെ" പരിധിയിലെ 32-ാം ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള "സഹകരണം" എന്നത് തീർത്തും സംസ്ഥാന വിഷയമാണ്. പ്രസ്തുത വിഷയത്തിൽ നിയമനിർമ്മാണം നടത്താനും അതിൻ പ്രകാരം പദ്ധതികൾ ആവിഷ്കരിക്കുവാനും സംസ്ഥാനങ്ങൾക്കുള്ള അധികാരം കവർന്നെടുക്കുന്നതാണ് ദേശീയ സഹകരണ നയം. പ്രസ്തുത സംസ്ഥാന വിഷയത്തിൽ കേന്ദ്രസർക്കാർ നയം നിശ്ചയിക്കുന്നത് ഭരണഘടനാ വിരുദ്ധവും എതിർക്കപ്പെടേണ്ടതുമാണ്. സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്ത്വമായ "സ്വയംഭരണം" എന്നത് സംസ്ഥാന സർക്കാരിനുപോലും കേന്ദ്രീകൃത സംവിധാനം വഴി നിർദ്ദേശങ്ങൾ നൽകാൻ കഴിയാത്ത രീതിയിലാണ് സഹകരണ പ്രസ്ഥാനം രൂപപ്പെടുത്തിയിട്ടുള്ളതും അവയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടിട്ടുള്ളതും. സംസ്ഥാന സർക്കാരിന് "രജിസ്ട്രാർ" എന്ന ഭരണ സംവിധാനം വഴി 1969-ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനും സമാപ്തീകരണവും മറ്റു നിയമപരമായ നിയന്ത്രണങ്ങളുമൊഴികെയുള്ള പ്രവർത്തനങ്ങളിൽ ഇടപെടാനാകാത്ത സാഹചര്യത്തിൽ സംഘങ്ങളുടെ പ്രവർത്തനങ്ങളും ഭരണവും കേന്ദ്രീകൃതമായി നിയന്ത്രിക്കുന്നതിന് വഴിമരുന്നിടുന്നതാണ് കേന്ദ്ര സഹകരണ നയം.<br><br>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 18136 സഹകരണ സംഘങ്ങളിൽ ജനാധിപത്യപരമായും സഹകരണ തത്ത്വങ്ങളെയും മുറിവേൽപ്പിക്കാതെയും 2018-ൽ 8-ാമത് സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച സഹകരണ നയം നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ |

പ്രസ്ഥാനങ്ങളുടെ അന്തസ്സും സ്വയം ഭരണ സംവിധാനവും ശക്തിപ്പെടുത്തുന്ന രീതിയിലുള്ള ഒരു നയരേഖയായാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹകരണ നയം. ആയത് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ട കേന്ദ്ര സഹകരണ നയത്തിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. സംസ്ഥാന സർക്കാരിന്റെ നയസമീപനം സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ നടത്തിവരുന്ന വിവിധോദ്ദേശ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഭരണഘടനയിൽ അധിഷ്ഠിതമായ ജനാധിപത്യവും, സോഷ്യലിസവും, ഫെഡറലിസവും സംരക്ഷിക്കുന്നതുമാണ്. നിലവിൽ സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ ഇല്ലാത്ത ഏതെങ്കിലും പ്രദേശമോ, മേഖലയോ കാണുവാൻ കഴിയില്ല. സ്ത്രീകൾക്കും, സ്കൂൾകുട്ടികൾക്കും, യുവാക്കൾക്കും, മറ്റുള്ളവർക്കും പ്രാപ്തമായ വിവിധങ്ങളായ സാമ്പത്തിക സഹായങ്ങളും, സേവനങ്ങളും സഹകരണ മേഖല വഴി നൽകുവാൻ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്.

ജനനം മുതൽ മരണം വരെ ഒരു പൗരനെ നേരിട്ടും അല്ലാതെയും സേവനപരവും, സാമ്പത്തികപരവുമായ സഹായങ്ങൾ വിപുലമായ സഹകരണ പ്രസ്ഥാന ശൃംഖലയിൽ ഇതിനോടകംതന്നെ കേരളം നൽകി വരുകയാണ്. കേന്ദ്ര സഹകരണ നയത്തിലൂടെ ഭാവിയിൽ വിഭാവനം ചെയ്യുവാൻ കഴിയുന്നതിലേറെ വിവിധങ്ങളായ പ്രവർത്തനങ്ങൾ കേരളത്തിലെ സഹകരണ പ്രസ്ഥാനം ഇതിനോടകം തന്നെ പ്രാവർത്തികമാക്കി വിജയിപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ തന്നെ ഈ കേന്ദ്ര സഹകരണനയം യാതൊരു കാരണവശാലും സംസ്ഥാനത്തിന് അനുയോജ്യമല്ലായെന്നത് കേന്ദ്രനയത്തിലെ 3 മുതൽ 8 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

കേരളത്തിൽ പരീക്ഷിച്ച് പരാജയപ്പെട്ട ത്രിതല ബാങ്കിംഗ് സംവിധാനം കേന്ദ്രനയത്തിന്റെ ഭാഗമാണെന്നത് കേരളത്തിലെ സഹകരണ മേഖലയേയും സംസ്ഥാന നയത്തിനേയും വെല്ലുവിളിക്കുന്നതാണ്.

2023-ലെ Digital Personal Data Protection Act-ന് വിരുദ്ധമായ നിർദ്ദേശങ്ങളും കേന്ദ്ര സഹകരണ നയം മുന്നോട്ട് വയ്ക്കുന്നു. Common Software, National Co-operative Database എന്നിവ നിയമ വിരുദ്ധമാണെന്നത് മേൽ പ്രസ്താവിച്ച നിയമത്തിന്റെ

| | | | |
|---|---|---|---|
| | | | പരിധിയിൽ നിന്നും പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്.<br><br>NCDC, NABARD പദ്ധതികളിലും കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളുടെയും നിർവ്വഹണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഉദ്യോഗസ്ഥ നിയന്ത്രണത്തിലുള്ള SCDC, DCDC എന്നിവ രൂപീകരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ സഹായങ്ങളെ ഒരു വിലപേശലിന് വിധേയമാക്കുന്നത് ഫെഡറൽ സംവിധാനങ്ങൾക്കും സഹകരണ നയങ്ങൾക്കും വിരുദ്ധമാണ്.<br><br>NCDC, NABARD എന്നിവ വഴി ലഭിച്ചുവരുന്ന നാമമാത്രമായ സഹായങ്ങൾക്കാണ് മേൽപ്പറഞ്ഞ വ്യവസ്ഥകൾ മുന്നോട്ടുവയ്ക്കുന്നത്. |
| (ബി) | സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളെ ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്ന പദ്ധതി നിർദ്ദേശം ഇതിനകം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയിലെ അധികാര കേന്ദ്രീകരണത്തിന് വഴിയൊരുക്കുന്ന നിർദേശങ്ങൾ പ്രസ്തുത നയത്തിലുണ്ടോ; വിശദാംശം നൽകുമോ? | (സി) | ദേശീയ സഹകരണ നയം (National Cooperative Policy) സഹകരണ മേഖലയുടെ ജനാധിപത്യ സ്വഭാവവും സ്വയംഭരണവും അംഗങ്ങളുടെ പങ്കാളിത്തവും ഉറപ്പാക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നതെങ്കിലും അതിലെ ചില നിർദ്ദേശങ്ങൾ അധികാരത്തിന്റെ കേന്ദ്രീകരണത്തിന് വഴിയൊരുക്കുന്നതിന് കാരണമാകുന്നതാണ്.<br><br>രാജ്യത്തെ സഹകരണ സംഘങ്ങൾ, ആയതിലെ അംഗങ്ങൾ എന്നിവരുടെ പൊതു വിവരങ്ങൾ പൊതു സോഫ്റ്റ് വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതിനും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ഏകീകൃത രൂപത്തിൽ ശേഖരിച്ച് National Co-operative Data Base ൽ ഉൾപ്പെടുത്തി പ്രസ്തുത ഡാറ്റ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനും ദേശീയ സഹകരണനയം ശിപാർശ ചെയ്യുന്നു. ഇപ്രകാരം ലഭ്യമാകുന്ന ഡേറ്റാ വിവരങ്ങൾ പൂർണ്ണമായും കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ ആയിരിക്കുകയും അതുവഴി സംസ്ഥാനത്തെ സഹകരണമേഖലയുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതിന് സാധ്യതയുണ്ട്.<br><br>രാജ്യത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, IFFCO, KRIBHCO, NAFED എന്നീ ദേശീയതല സ്ഥാപനങ്ങളിലും അടുത്തകാലത്ത് ദേശീയ തലത്തിൽ ആരംഭിച്ച മൂന്ന് മൾട്ടി സ്റ്റേറ്റ് സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളിലും അംഗത്വമെടുക്കുന്നതിനും നയം ശിപാർശ ചെയ്യുന്നു. IFFCO, KRIBHCO, NAFED എന്നീ ദേശീയതല സ്ഥാപനങ്ങളിലും, ദേശീയ തലത്തിൽ ആരംഭിച്ച മൂന്ന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലും സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. കൂടുതൽ മൾട്ടി പർപ്പസ് സംഘങ്ങൾ ആരംഭിക്കും എന്ന നിർദ്ദേശം സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതാണ്.<br><br>ദേശീയ സഹകരണ നയത്തിൽ രാജ്യത്തെ സഹകരണ ബാങ്കുകൾക്ക് കോമൺ സോഫ്റ്റ് വെയർ ഏർപ്പെടുത്തും എന്ന വ്യവസ്ഥയും സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിയന്ത്രണം കേന്ദ്ര സഹകരണ മന്ത്രാലയത്തിൽ കേന്ദ്രീകരിക്കുന്നതിന് കാരണമാകും. പ്രാഥമിക സഹകരണ സംഘങ്ങളെ വിവിധ കേന്ദ്ര പദ്ധതികളുടെ നിർവ്വഹണ ഏജൻസിയാക്കുന്ന നിർദ്ദേശം ഭരണഘടനാ വിരുദ്ധവും അധികാര കേന്ദ്രീകരണത്തിന് വഴിയൊരുക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ